പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3472 — 18.02.2013-ൽ മറുപടിക്ക്.

## ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സാജു പോൾ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിലെ ജില്ലാ-ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ, നിർമ്മിതി കേന്ദ്രങ്ങൾ വഴി നടത്തരുതെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (ബി) | 20.01.2013-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.1.16 നമ്പർ തീരുമാന പ്രകാരം 30.01.2013-ലെ സ.ഉ.(സാധാ)നം.244/2013/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം നിലവിലില്ലാതിരുന്ന കാലയളവിൽ നിർമ്മിതി കേന്ദ്രങ്ങൾ പോലെയുള്ള ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ ഏൽപ്പിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിലാണ് നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ ഉത്തരവ് നടപ്പിലാക്കുമ്പോൾ പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകുന്നതായി മനസ്സിലാക്കുന്നുണ്ടോ; എങ്കിൽ, എത്ര രൂപയുടെ പദ്ധതി തടസ്സപ്പെടും അല്ലെങ്കിൽ കാലതാമസം സംഭവിക്കും എന്ന് വ്യക്തമാക്കാമോ; | (സി) | ഈ ഉത്തരവ് നടപ്പിലാക്കുമ്പോൾ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുമെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. മാത്രവുമല്ല കെട്ടിട നിർമ്മാണ മുൾപ്പെടെയുള്ള റോഡിതര പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയത് ഈ വർഷം തുടരാവുന്നതാണെന്ന് 14.02.2013-ലെ സ.ഉ.(സാധാ) നം.401/13/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഈ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ